അബ്ദുല്ലത്വീഫ് കൊടുവള്ളി

# മക്കൾക്കിടയിൽ വിവേചനമരുത്; പൗരന്മാർക്കിടയിലും

عَنْ النُّعْمَانَ بْن بَشِيرٍ رضى الله عنه، انطلقَ بي أبي يحمِلُني إلى رسولِ اللَّهِ صلَّى اللَّهُ عليهِ وسلَّمَ فقالَ: يا رسولَ اللَّهِ أشهد أنِّي قد نَحلتُ النُّعمانَ مِن مالي كذا وَكذا . فقالَ لَهُ رسولُ اللَّهِ صلَّى اللَّهُ عليهِ وسلَّمَ: أَكُلَّ ولدِكَ نَحلتَ قالَ: لا، قالَ: أما يُسرُّكَ أن يَكونوا لَكَ في البرِّ سواءً . قالَ: بلى، قالَ: فلا إذًا (صحيح النسائي ، صححه الألباني)

**നുഅ്മാനുബ്നു ബശീറി(റ)ൽനിന്ന് നിവേദനം: എന്റെ പിതാവ് എന്നെ ചുമന്നുകൊണ്ട് നബി(സ)യുടെ അടുത്തേക്ക് പോയി. പിതാവ് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ എന്റെ സ്വത്തിൽനിന്ന് ഇത്രയിത്ര നുഅ്മാനിന് പാരിതോഷികം നൽകിയതായി സാക്ഷ്യപ്പെടുത്തുന്നു.' അപ്പോൾ നബി (സ) പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ എല്ലാ മക്കൾക്കും പാരിതോഷികം നൽകിയോ?' പിതാവ്: 'ഇല്ല.' നബി (സ): 'അവർ ഒരുപോലെ നിങ്ങൾക്ക് നന്മ ചെയ്യുന്നത് നിങ്ങളെ സന്തോഷിപ്പിക്കുകയില്ലേ?' പിതാവ്: 'അതെ.' നബി (സ): 'അങ്ങനെയെങ്കിൽ ഇവനു മാത്രമായി കൊടുക്കരുത്.'** (നസാഇ, അൽബാനി സ്വഹീഹെന്ന് സാക്ഷ്യപ്പെടുത്തിയത്)

സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന അനാശാസ്യവും വിനാശകരവുമായ ദുഷ്പ്രവണതയാണ് വിവേചനം. മുകളിലെ ഹദീസിൽ, ചില മാതാപിതാക്കൾ മക്കൾക്കിടയിൽ കാണിക്കുന്ന വിവേചനമാണ് വിഷയമാകുന്നതെങ്കിലും, വിവേചനം കടന്നുവരാത്ത വഴികൾ സമൂഹ ജീവിതത്തിൽ ഇല്ലെന്നു തന്നെ വേണം പറയാൻ. ലോകത്ത് നടക്കുന്ന ഏറിയ കൂറും സംഘർഷങ്ങൾക്കും അസ്വസ്ഥതകൾക്കും തീവ്രവാദങ്ങൾക്കും കാരണമാകുന്നത് ഭരണാധികാരികളുടെ വിവേചന നിലപാടുകളാണ്. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ താഴെ തട്ടിലുള്ള കുടുംബത്തിലെ അംഗങ്ങൾക്കിടയിൽ നിന്ന് തുടങ്ങി മേലോട്ട് ഭരണ തലം വരെ വിവേചനം ഇല്ലാതിരിക്കാൻ ഇസ്‌ലാം വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു.

ഇസ്‌ലാമിക ശരീഅത്തിന്റെ കാതൽ നീതിയും കാരുണ്യവുമാണ്. മക്കളോടുള്ള ഇടപഴക്കത്തിൽ ഇവ രണ്ടും നഷ്ടപ്പെടുമ്പോൾ മാതാപിതാക്കളോട് മക്കൾക്ക് വിദ്വേഷം തോന്നാനും ഒടുവിൽ പലതരം പ്രശ്നങ്ങൾ ഉടലെടുക്കാനും ഇടയാക്കിയേക്കും. ഈ വിഷയകമായ വിധി പറയുക മാത്രമല്ല, വിവേചന ജന്യമായ പീഡാനുഭവങ്ങൾക്കാധാരമായ യുക്തിയും നബി (സ) ഈ ഹദീസിൽ അനാവരണം ചെയ്യുന്നു. വിവേചനം വിനാശങ്ങളുടെ വിത്ത് വിതക്കും.

വിവേചനം മാത്രമല്ല, വിവേചനം എന്ന തോന്നൽ പോലും വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമാവുമെന്ന് യൂസുഫ് നബിയുടെ സഹോദരന്മാർക്കുണ്ടായ അസൂയ മനസ്സിലാക്കിത്തരുന്നുണ്ട്. ഇതിന്റെ വികസിത രൂപം സാമൂഹിക ജീവിതത്തിന്റെ വിവിധ ഊടുവഴികളിലേക്ക് വരെ നീളും. സൗന്ദര്യം, ബുദ്ധിസാമർഥ്യം, സ്വഭാവ മഹിമ മുതലായവയുടെ പേരിൽ ചിലരോട് കാണിക്കുന്ന ആഭിമുഖ്യം അതില്ലാത്തവരിലുണ്ടാക്കുന്ന പ്രതികരണം പലപ്പോഴും നിഷേധാത്മകമാവും. വിദ്യാർഥികളുമായി ഇടപഴകുന്ന അധ്യാപകർ കൂടുതൽ ജാഗ്രത പുലർത്തേണ്ട രംഗമാണിത്.

ശാരീരികമോ ബുദ്ധിപരമോ ശേഷിപരമോ മറ്റോ ആയ കാരണങ്ങളാൽ ഏതെങ്കിലും മക്കൾ പരിഗണന അർഹിക്കുന്നുവെങ്കിൽ അവരെ സവിശേഷം ശ്രദ്ധിക്കുന്നത് ന്യായമായ കാരണങ്ങളാലാണെന്ന് മറ്റു മക്കൾക്ക് ബോധ്യമാവും വിധമായിരിക്കണം. മികവ് പുലർത്തുന്നവരെ പിന്തുണക്കുന്നതും മറ്റുള്ളവർക്ക് ഉൾക്കൊള്ളാവുന്ന വിധമായിരിക്കണം.

ചില കുടുംബങ്ങളിൽ പെൺമക്കൾ സഹോദരന്മാരെയും കുടുംബത്തെയും സേവിക്കേണ്ടിവരുന്നു. അവിടത്തെ ആൺ മക്കൾ കൈകാര്യ കർത്താക്കളെന്നോണം പെരുമാറുന്നു. ഇത് കാരണമായി ഒരേ മാതാപിതാക്കളുടെ, ഒരേ മാനസിക നിലവാരത്തോടെ വളരേണ്ട മക്കൾ അസന്തുലി

തമായി വളരുന്ന സാഹചര്യമുണ്ടാവും. കുട്ടികളുടെ ആത്മവിശ്വാസം ചോർത്തിക്കളയുന്ന ഇത്തരം നടപടികൾ മാതാപിതാക്കളുടെ ഭാഗത്തു നിന്നുണ്ടാവരുത്. മറ്റുള്ളവരെക്കാൾ കൂടുതൽ പരിഗണന കിട്ടുന്ന കുട്ടികളിൽ അഹംബോധം വളരാനിടയാവും. അന്യരുടേത് സ്വന്തമാക്കാനുള്ള പ്രവണത ഉടലെടുക്കും.

ഒരാൾ നബി(സ)യുടെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ അയാളുടെ മകൻ അവിടേക്ക് വന്നു. അയാൾ അവനെ ഉമ്മ വെച്ച് തന്റെ മടിയിലിരുത്തി. കുറച്ചു കഴിഞ്ഞ് അയാളുടെ മകൾ വന്നു. അയാൾ അവളെയെടുത്ത് തന്റെ അരികിലിരുത്തി. അപ്പോൾ നബി (സ) പറഞ്ഞു: 'നിങ്ങൾ അവർക്കിടയിൽ നീതി പാലിച്ചില്ല' (ബൈഹഖി). മറ്റു ചില നബിവചനങ്ങൾ ഇങ്ങനെ: 'ആർക്കെങ്കിലും ഒരു മകൾ ജനിക്കുകയും അയാൾ അവളെ കുഴിച്ചുമൂടാതിരിക്കുകയും നിന്ദിക്കാതിരിക്കുകയും അവളെക്കാൾ മകന് മുൻഗണന നൽകാതിരിക്കുകയും ചെയ്താൽ അല്ലാഹു അയാളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതായിരിക്കും' (അഹ്മദ്, ബൈഹഖി, ഇബ്നു അബീ ശൈബ).

'നിങ്ങളുടെ കുട്ടികൾക്കിടയിൽ പാരിതോഷികങ്ങൾ സമമായി നൽകുക. ഞാൻ ആർക്കെങ്കിലും പ്രത്യേക പരിഗണന നൽകുമായിരുന്നുവെങ്കിൽ സ്ത്രീകൾക്ക് നൽകുമായിരുന്നു' (ത്വബ്റാനി). കുടുംബാന്തരീക്ഷവും, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധവും കലുഷമാക്കുന്ന വിവേചനമെന്ന മാരക രോഗത്തെ നീതിനിഷ്ഠമായ നിലപാടിലൂടെ മറികടക്കാൻ മാതൃകാ രക്ഷാകർതൃത്വത്തിലൂടെ സാധിക്കണം.

ആധുനിക ദേശരാഷ്ട്രങ്ങൾ നിലവിൽവന്ന ശേഷം ജനാധിപത്യത്തിന്റെയും മറ്റും പേരിൽ അധികാരത്തിലെത്തുന്ന ഭൂരിപക്ഷമുള്ള പാർട്ടികൾ ചില വിഭാഗം ജനങ്ങളുടെ നേരെ സ്വീകരിക്കുന്ന വിവേചന നയം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ അപരിഹാര്യമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നത് ദേശീയ-അന്തർദേശീയ തലങ്ങളിൽ നാം കാണുന്നതാണല്ലോ. എല്ലാ വിഭാഗങ്ങളുടെയും ഭാഗത്തുനിന്നുള്ള സന്തോഷവും സംതൃപ്തിയുമാണ് ഈയർഥത്തിൽ ശാന്തവും സ്വസ്ഥവുമായ ഒരു രാജ്യത്തിന് കളമൊരുക്കുക. അതിന് വഴിയൊരുക്കേണ്ടത് ഒന്നാമതായി പൗരന്മാരല്ല, ഭരണാധികാരികളാണ്. ●

8086360835